ഭരണഭാഷ - മാതൃഭാഷ


| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &<br>എഞ്ചിനീയറിംഗ് വിംഗ്<br>റവന്യൂ കോംപ്ലക്സ് മൂന്നാം നില<br>പബ്ലിക് ഓഫീസ് ബിൽഡിംഗ്<br>തിരുവനന്തപുരം - 33 | ഫോൺ: 0471-2324951<br>0471-2325071<br>ടെലി ഫാക്സ് – 0471-2324951<br>ഇമെയിൽ -celsgd@gmail.com<br>വെബ് സൈറ്റ് www.celsgd.kerala.gov.in |


നം: ഡിബി4/531/20/CMLRRP/സിഇ/തസ്വഭവ    തീയതി: 06.10.2021

## പരിപത്രം

വിഷയം: തസ്വഭവ (എൽ.ഐ.ഡി & ഇ.ഡബ്ല്യൂ) CMLRRP- റദ്ദ് ചെയ്ത പ്രവൃത്തികൾ പുനഃസ്ഥാപിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. ഈ കാര്യാലയത്തിലെ 07/06/21 ലെ ഇതേ നമ്പർ സർക്കുലർ.
2. GO (Rt) No. 1279/2021/LSGD dtd. 07.07.2021.

**********

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ അനുവദിച്ച് ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് 04.06.2021 ന് ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിൽ, ലഭ്യമായ പ്രവൃത്തികളിൽ നാളിതുവരെ സാങ്കേതികാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം CMLRRP MIS-ൽ രേഖപ്പെടുത്തലുകൾ നടത്താത്തതും സാങ്കേതികാനുമതി ലഭ്യമാകാത്തതുമായ പ്രവൃത്തികളുടെ പട്ടിക P-1103 പ്രൊഫോർമയിൽ ഉൾപ്പെടുത്തി സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നതും ടി പട്ടികയിലെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നതും, രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ അത്തരം പ്രവൃത്തികൾ നിർവ്വഹണ സാധ്യതയില്ലാത്തതാണെന്ന് അനുമാനിച്ച് ഒഴിവാക്കുന്നതും പിന്നീട് കൂട്ടിച്ചേർക്കാൻ സാധിക്കാത്തതാണെന്നും അറിയിച്ചിട്ടുള്ളതാണ്. രേഖപ്പെടുത്തലുകൾ നടത്താത്തവയും, റദ്ദാക്കുന്നതിന് റിപ്പോർട്ട് ചെയ്തത് പ്രകാരവും, ഈ കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (2) ഉത്തരവ് പ്രകാരം 204 പ്രവൃത്തികൾ റദ്ദ് ചെയ്യുകയുണ്ടായി. എന്നാൽ നിലവിൽ ഒഴിവാക്കിയിരിക്കുന്ന പല പ്രവൃത്തികളും ആവശ്യമുള്ളതായി പല തലങ്ങളിൽ നിന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ റദ്ദ് ചെയ്ത പ്രവൃത്തികൾ പുനഃസ്ഥാപിക്കാൻ ആവശ്യപ്പെടുമ്പോൾ ആയതിന്റെ വ്യക്തമായ വിശദീകരണം കൂടി സമർപ്പിക്കുന്നതിന് സർക്കാറിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ പുനഃസ്ഥാപിക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച അപേക്ഷ വ്യക്തമായ വിശദീകരണം സഹിതം സൂചന (1) സർക്കുലർ പ്രകാരം രേഖപ്പെടുത്തലുകൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ മുഖാന്തിരം മാത്രം celsgdcmlrrp@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് 20/10/2021 നു മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതും (നിലവിൽ അപേക്ഷ സമർപ്പിച്ചവർ ഉൾപ്പെടെ) ഇതിനായി കാലവിളംബം ഒഴിവാക്കേണ്ടതുമാണ്. CMLRRP MIS സോഫ്റ്റ് വെയറിൽ യഥാസമയം ശരിയായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ കരാറുകാർ പ്രവൃത്തി പൂർത്തീകരിച്ച് നാളുകൾ കഴിഞ്ഞിട്ടും തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ തുടർന്നും MIS സോഫ്റ്റ് വെയറിൽ യഥാസമയം അപ്ലോഷൻ നടത്താത്ത നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും എന്നത് കൂടി അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ